കേരള സർക്കാർ

കേരള സംസ്ഥാന
മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

HAND BOOK

സമുന്നതി

सत्यमेव जयते

I am happy to know that Kerala State Welfare Corporation for Forward Communities Limited [KSWCFC], Thiruvananthapuram intends to publish a comprehensive handbook shortly.

It is commendable that the handbook will highlight details of various welfare schemes being implemented by the Corporation.

I compliment the people behind this venture and wish the publication all success.

Arif Mohammed Khan
Governor of Kerala

കേരള സർക്കാർ

സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന വൈവിധ്യപൂർണ്ണമായ ക്ഷേമപദ്ധതികളെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കുന്നതിന് ഈ കൈപ്പുസ്തകം ഉപകാരപ്രദമാകുമെന്ന് കരുതുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ
കേരള മുഖ്യമന്ത്രി

08/11/2012 – ൽ രൂപീകൃതമായ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രഥമ ചെയർമാൻ **ശ്രീ. ആർ. ബാലകൃഷ്ണപിള്ള.**

കേരള സർക്കാർ

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ ക്ഷേമ പദ്ധതികളെ വിശദീകരിച്ചുകൊണ്ട് ഒരു കൈപ്പുസ്തകം പുറത്തിറക്കുകയാണ് പദ്ധതികളെപ്പറ്റിയുള്ള വിശദവിവരങ്ങൾ അടങ്ങുന്ന കൈപ്പുസ്തകം സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വളരെയേറെ സഹായകരമാകുമെന്ന ഉറപ്പോടെ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

ഈ കൈപ്പുസ്തകം ജനോപകാരപ്രദമായി പുറത്തിറക്കുവാൻ ആത്മാർത്ഥതയോടെ പ്രവർത്തിച്ച കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും കോർപ്പറേഷൻ ജീവനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

കെ.ജി. പ്രേംജിത്ത്
ചെയർമാൻ

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുടെ സമഗ്ര വിവരം ഉൾക്കൊള്ളുന്ന കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നുവെന്ന് അറിഞ്ഞതിൽ സന്തോഷം.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുന്നാക്ക സമുദായ ക്ഷേമത്തിനായി ഇത്തരത്തിൽ ഒരു ചുവടുവെപ്പ് നടത്തിയ പ്രഥമ സംസ്ഥാനമാണ് കേരളം. മികവ് പുലർത്തുന്ന മെറിറ്റും സാമ്പത്തിക പിന്നാക്കാവസ്ഥ മൂലം അർഹമായ അവസരവും നഷ്ടപ്പെടുത്തരുത്.

പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്പെടുന്ന പുസ്തകം തയ്യാറാക്കുന്നതിന് അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

കെ.ആർ. ജ്യോതിലാൽ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണസമിതി

ചെയർമാൻ

ശ്രീ. കെ.ജി. പ്രേംജിത്ത്

മാനേജിംഗ് ഡയറക്ടർ

ശ്രീ. എം. ജി. രഞ്ജിത്ത് കുമാർ

ഡയറക്ടേഴ്സ്

പ്രൊഫ. പി.കെ. മാധവൻനായർ

ശ്രീ. മാത്യു സ്റ്റീഫൻ. (എക്സ് എം.എൽ. എ)

ശ്രീ. കരിമ്പുഴ രാമൻ

ശ്രീ. കെ.സി. സോമൻ നമ്പ്യാർ

ശ്രീ. ബി. രാമചന്ദ്രൻ നായർ

അഡ്വ. ആർ. ഗോപാലകൃഷ്ണ പിള്ള

ശ്രീമതി. ആർ. താരാദേവി
(അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്)

ശ്രീമതി. പ്രീത. ബി.എസ്
(അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്)

ആമുഖം

കേരളത്തിലെ മുന്നാക്ക സമുദായങ്ങൾക്കിടയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്രമായ വികസനവും ക്ഷേമവും ഉറപ്പ് വരുത്തുന്നതിനും അവരുടെ വിദ്യാഭ്യാസ നിലവാരവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും സാമ്പത്തികമായി അവരെ സഹായിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 2012-ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ. കേരള സർക്കാരിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് വിദ്യാസമുന്നതി, സംരംഭ സമുന്നതി, നൈപുണ്യ സമുന്നതി, ഭവന സമുന്നതി, മംഗല്യസമുന്നതി എന്നീ പദ്ധതികളിലൂടെ സ്കോളർഷിപ്പുകൾ, മത്സര പരീക്ഷാ പരിശീലന ധനസഹായം, സ്വയം സഹായ സംഘങ്ങൾക്കുള്ള പലിശ സഹായം, സംരംഭകത്വ നൈപുണ്യ വികസനം, ജീർണ്ണോന്മുഖമായ അഗ്രഹാരങ്ങളുടെയും ഭവനങ്ങളുടെയും നവീകരണം, പെൺകുട്ടികളുടെ വിവാഹ നടത്തിപ്പിലേക്ക് ധനസഹായം എന്നിവ നടപ്പിലാക്കി വരികയാണ്.

> 2012 ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ.

2012ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം, ദീർഘ വീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടത്തിവരുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന നിരവധി ഗുണഭോക്താക്കൾക്ക് പ്രത്യാശയുടെ കൈത്തിരി പകരുന്നതിനു കഴിഞ്ഞിട്ടുണ്ട്.

ചരിത്രം

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര സമുദായങ്ങളുടെ അഭിവൃദ്ധിക്ക് വേണ്ടി സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ സംരംഭമാണ് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ. കേരളത്തിലെ സംവരണേതര വിഭാഗങ്ങളിലെ നല്ലൊരു ശതമാനവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണ്. ആയവരുടെ സാമ്പത്തിക പിന്നാക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി അതുവഴി പ്രസ്തുത വിഭാഗങ്ങളെ വികസനത്തിന്റെ മുഖ്യധാരയിലേക്കുയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 25.4.2012 ൽ, 'കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ്' എന്ന പേരിൽ ഒരു കമ്പനി, തിരുവനന്തപുരം ആസ്ഥാനമാക്കി രൂപീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് പൂർണ്ണമായും കേരള സർക്കാർ ഉടമസ്ഥതയിൽ, ഒരു കമ്പനിയായി രജിസ്റ്റർ ചെയ്ത കോർപ്പറേഷൻ 08.11.2012 ൽ പ്രവർത്തനം ആരംഭിച്ചു.

> കേരള സർക്കാർ ഉടമസ്ഥതയിൽ കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ്' എന്ന പേരിൽ ഒരു കമ്പനി, തിരുവനന്തപുരം ആസ്ഥാനമാക്കി 08/11/2012 ൽ പ്രവർത്തനം ആരംഭിച്ചു.

ലക്ഷ്യം

കോർപ്പറേഷന്റെ സ്ഥാപിത ലക്ഷ്യങ്ങൾ:

1) പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തരബിരുദ, സാങ്കേതിക കോഴ്സുകൾ പഠിക്കാൻ ഇളവ്/പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പകൾ.

2) മികവുറ്റവരും അർഹരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.

3) ആവശ്യമെങ്കിൽ വിദ്യാഭ്യാസ, സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകൽ.

4) സ്ഥലങ്ങളും കെട്ടിടങ്ങളും വാങ്ങുന്നതിലൂടെയോ, അല്ലെങ്കിൽ വാസസ്ഥലത്തിന്റെയും അനുബന്ധങ്ങളുടെയും നിർമ്മാണം, അറ്റകുറ്റപ്പണികൾ, എന്നിവ നടത്തുന്നതിലൂടെയോ അവരുടെ ആരോഗ്യ പരിപാലനവും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുക.

5) തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉപജീവന മാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനും, സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ചെറുകിട, ഇടത്തരം സംരംഭങ്ങളും മറ്റ് സ്വയംതൊഴിൽ സാധ്യതകളും ഉറപ്പുവരുത്തുക.

> വിദ്യാഭ്യാസ സ്കോളർഷിപ്പ്, വാസ സ്ഥലങ്ങളുടെ അറ്റകുറ്റപ്പണി, ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് കോർപ്പറേഷന്റെ സ്ഥാപിത ലക്ഷ്യങ്ങളിൽ ചിലത്.

സ്ഥാപിത ലക്ഷ്യങ്ങളുടെ നേട്ടത്തിന് സാന്ദർഭികമോ അനുബന്ധമോ ആയവ

- ★ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ അംഗങ്ങളുടെ പ്രയോജനത്തിനായി സംരംഭകത്വ നൈപുണ്യ / വ്യക്തിത്വ വികസന പരിപാടികൾ നടത്തുക, കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ കൈവരിക്കുന്ന തിനായി മറ്റ് പ്രശസ്ത സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുക.

- ★ അത്തരം പരിശീലനങ്ങൾക്ക് വിധേയരാകുന്ന താൽപ്പര്യമുള്ള അംഗങ്ങളെ സഹായിക്കുന്നതിന് ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവരുമായി സഹകരിച്ചുകൊണ്ട് പരമാവധി സഹായം / വായ്പകൾ ലഭ്യമാക്കുക.

- ★ കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മൾട്ടി ലെവൽ കാമ്പെയ്നിംഗിലൂടെയും, പബ്ലിസിറ്റിയിലൂടെയും ഗുണ ഭോക്താക്കൾക്കിടയിൽ കോർപ്പറേഷന്റെ പരിപാടികളെക്കു റിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക.

- ★ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗ ങ്ങളിലെ അംഗങ്ങളുമായി പതിവായി ഇടപഴകുകയും, അവർ നിക്ഷേപത്തിനായി തിരഞ്ഞെടുത്ത മേഖലകളു മായി ബന്ധപ്പെട്ട നൈപുണ്യ വികസനത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു പ്രോഗ്രാമിന് കീഴിൽ തത്പരരായ എല്ലാ ഗുണഭോക്താക്കൾക്കും തീവ്രപരിശീലനം, മോട്ടിവേഷൻ എന്നിവയിലൂടെ തെരഞ്ഞെടുത്ത വരുമാന മേഖലയിൽ അവ രുടെകഴിവുകൾ ഉയർത്തുകയും ചെയ്തുകൊണ്ട്സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി വായ്പ നൽകുക/നേടിക്കൊ ടുക്കുകയും ചെയ്യുക. തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ അംഗീകരിച്ച

സർക്കാർ മേഖലയിലെ വിവിധ പരിശീലന സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇത് യാഥാർത്ഥ്യമാകും.

- യഥാർത്ഥ ആവശ്യങ്ങളും അഭിലാഷങ്ങളും വിലയിരുത്തുന്നതിന്, ഗുണഭോക്താക്കളുമായും വിവിധ സാമൂഹിക ഗ്രൂപ്പുകളുമായും അവരുമായി ബന്ധപ്പെട്ട വിദഗ്ധരുമായും പതിവായി ആശയവിനിമയം നടത്തുക, അങ്ങനെ പരമ്പരാഗത കേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ പോകുന്നതിനു പകരം മേൽ ചർച്ചകൾക്കനുസരിച്ച് പരിപാടികൾ ആവിഷ്കരിക്കുക.

- കോർപ്പറേഷന്റെ പ്രധാന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി പുറത്തിറക്കിയ വായ്പകളുടെ വീണ്ടെടുക്കൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ സ്ഥാപനത്തിൽ നിന്ന് തന്നെ പരമാവധി വിഭവങ്ങൾ സൃഷ്ടിക്കുക.

- പ്രത്യേകിച്ച് ഗ്രാമീണ ഗുണഭോക്താക്കൾക്കും സ്ത്രീകൾക്കും ഇടയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഒരു പ്രധാന ഉപകരണമായി 'മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പ്രോഗ്രാം' പ്രോത്സാഹിപ്പിക്കുക; കൂടാതെ, കോർപ്പറേഷന്റെ പ്രധാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക വികസനത്തിനായുള്ള ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് 'ഒരു സ്വയം സഹായ ഗ്രൂപ്പ്' ആശയവുമായി 'മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പ്രോഗ്രാം' നെ ബന്ധിപ്പിക്കുക.

- കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമുകളിലൂടെ കമ്മ്യൂണിറ്റികളിലെ അർഹരായ അംഗങ്ങൾക്ക് സുഗമമായ വൈദ്യസഹായം ലഭ്യമാക്കുക.

- മുന്നാക്ക സമുദായങ്ങളിലെ അർഹരായ അംഗങ്ങൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുക.

സമുന്നതി

പദ്ധതികളും മാർഗ്ഗനിർദ്ദേശങ്ങളും

ഭവനസമുന്നതി

കേരളത്തിന്റെ പൈതൃക സ്വത്തുക്കൾ (അഗ്രഹാരങ്ങൾ, നാലുകെട്ടുകൾ, എട്ടുകെട്ടുകൾ, മനകൾ, ഇല്ലങ്ങൾ കേരളത്തിന്റെ പരമ്പരാഗത സംസ്കാരം വിളിച്ചോതുന്ന തറവാടുകൾ) സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ബഹു. ഗവർണ്ണറുടെ 2015 ലെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് ഭവന സമുന്നതി. ആയതിന്റെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടമായി 2016 ൽ, കേരളത്തിന്റെ സാമൂഹിക മണ്ഡലങ്ങളിൽ ഒട്ടേറെ സംഭാവനകൾ നൽകി ഈ മണ്ണിൽ ഇഴുകിച്ചേർന്ന തമിഴ് ബ്രാഹ്മണ സമൂഹത്തിന്റെ ആവാസകേന്ദ്രമായ, കേരളത്തിന്റെ സാംസ്കാരികത്തനിമയുടെ പര്യായങ്ങളിലൊന്നായ, കാലപ്പഴക്കത്താൽ തകർച്ചയെ നേരിടുന്ന അഗ്രഹാരങ്ങൾ വാസയോഗ്യമായി നവീകരിച്ച് നിലനിർത്തുന്നതിനുള്ള ഭവന സമുന്നതി പദ്ധതിക്ക് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ രൂപം നൽകിയത്.

പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനെ തുടർന്ന്, മറ്റ് ജനവിഭാഗങ്ങൾക്കുകൂടി പ്രയോജനകരമാകുന്ന തരത്തിൽ ജീർണ്ണാവസ്ഥയിലുള്ള ഭവനങ്ങളുടെയും അഗ്രഹാരങ്ങളുടെയും നവീകരണത്തിനായി സർക്കാർ തുടർ വർഷങ്ങളിൽ തുക അനുവദിക്കുകയുണ്ടായി. വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിഞ്ഞിരുന്ന അശരണരും അതിദരിദ്രരുമായ ഒട്ടനവധി പേർക്ക് കൈത്താങ്ങാകുവാൻ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് കഴിഞ്ഞു.

> “ വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിഞ്ഞിരുന്ന അശരണരും അതിദരിദ്രരുമായ ഒട്ടനവധിപേർക്ക് കൈത്താങ്ങാകുവാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.

ഭവന സമുന്നതി പദ്ധതിയുടെ ഭാഗമായി, ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങളുടെയും, ഭവനങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കോർപ്പറേഷൻ രണ്ട് ലക്ഷം രൂപ വരെയുള്ള ധനസഹായം നൽകിവരുന്നു.

ഭവനസമുന്നതി-നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും

- ★ അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരായിരിണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് എന്നിവ രേഖകളായി സ്വീകരിക്കുന്നതാണ്.)
- ★ ഉടമസ്ഥാവകാശം തെളിയിക്കുന്നതിലേക്കായി 2021/2022 സാമ്പത്തിക വർഷത്തിലെ വീട്ടുകരം അടച്ച രസീതോ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ ഹാജരാക്കണം. വീട് അപേക്ഷകന്റെയോ കുടുംബാംഗങ്ങളുടെയോ പേരിലായിരിക്കണം. (അപേക്ഷകൻ/അപേക്ഷക ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ)
- ★ പുനരുദ്ധാരണത്തിന് അപേക്ഷ നൽകുന്ന വീട്ടുടമസ്ഥർ, നിലവിൽ അതാത് വീടുകളിലെ താമസക്കാരായിരിക്കണം. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
- ★ സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഭവന പദ്ധതികളുടെ ഗുണഭോക്താവായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല.
- ★ അപേക്ഷകന്റെ/ അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും നാല് ലക്ഷം രൂപ കവിയാൻ പാടുള്ളതല്ല.

★ അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

★ സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. 4 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള മുൻഗണന AAY, മുൻഗണന വിഭാഗം കാർഡ് ഉടമകൾക്ക് അപേക്ഷിക്കാം. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വാർഷിക വരുമാനമുള്ളവർ, സ്ത്രീകൾ എന്നിവർക്ക് മുൻതൂക്കം നൽകിയാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്.

★ ഒരേ വരുമാനമുള്ളവരെ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന കുടുംബങ്ങൾക്കായിരിക്കും മുൻഗണന നൽകുക.

1. വിധവ/ അവിവാഹിത/ വിവാഹബന്ധം വേർപിരിഞ്ഞ/ ഒറ്റപ്പെട്ട സ്ത്രീകൾ ഗൃഹനാഥയായ കുടുംബം. ഇത് സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

2. ഭിന്നശേഷി അംഗമുള്ള കുടുംബം/ മാരകരോഗം ബാധിച്ച അംഗങ്ങളുള്ള കുടുംബം (ബാധകമെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം).

★ തെരെഞ്ഞെടുക്കപ്പെടുന്ന വീടുകൾ, കോർപ്പറേഷൻ നിയോഗിക്കുന്ന എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥർ പരിശോധിക്കുന്നതും, പുനരുദ്ധാരണം സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമാണ്. അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതാണ്. പുനരുദ്ധാരണത്തിന്റെ ആവശ്യകത വിലയിരുത്തിയ ശേഷം അതിനനുസൃതമായ തുക മാത്രമേ കോർപ്പറേഷൻ അനുവദിക്കുകയുള്ളൂ.

> മുൻഗണനാ AAY, മുൻഗണനാ വിഭാഗം കാർഡ് ഉടമകൾക്ക് അപേക്ഷിക്കാം

★ അറ്റകുറ്റപ്പണികൾക്കായി നൽകുന്ന പരമാവധി ധനസഹായം വീടൊന്നിന് 2 ലക്ഷം രൂപയാണ്. പ്രസ്തുത തുക തിരിച്ചടക്കേണ്ടതില്ല. ധനസഹായം രണ്ട് ഘട്ടങ്ങളിലായി താഴെപ്പറയും പ്രകാരം വിതരണം ചെയ്യുന്നതാണ്.

ഘട്ടം	നൽകുന്ന തുക	നൽകുന്ന രീതി
ഒന്ന്	അംഗീകൃത എസ്റ്റിമേറ്റിന്റെ 50%	തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക്, കോർപ്പറേഷനുമായി കരാർ വയ്ക്കുന്ന മുറയ്ക്ക് മുൻകൂറായി നൽകുന്നു.
രണ്ട്	അംഗീകൃത എസ്റ്റിമേറ്റിന്റെ ശേഷിക്കുന്ന തുക (50%)	നിർമ്മാണം 50% പൂർത്തീകരിച്ചതായി കോർപ്പറേഷൻ ചുമതലപ്പെടുത്തിയ എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ (Completion Certificate) അടിസ്ഥാനത്തിൽ നൽകുന്നു.

★ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുകയോ കൈപ്പറ്റിയ ശേഷം അറ്റകുറ്റപ്പണികൾ നടത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം അനുവദിച്ച തുക 12% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതും, പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതുമല്ല.

★ ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.

★ അപേക്ഷകൾ തപാൽമുഖേനയോ നേരിട്ടോ അവസാന തീയതിക്ക് മുമ്പായി കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.

> “ അറ്റകുറ്റപ്പണികൾക്കായി നൽകുന്ന പരമാവധി ധനസഹായം വീടൊന്നിന് 2 ലക്ഷം രൂപയാണ്.

വിദ്യാസമുന്നതി സ്കോളർഷിപ്പ്

സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ഹയർസെക്കണ്ടറി തലം മുതൽ ബിരുദാനന്തര ബിരുദ തലം വരെയുള്ള പഠനത്തിനായി സ്കോളർഷിപ്പുകൾ നൽകുന്നു. CA/ CMA(ICWA)/CS തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും, IIT/IIM/IISER/NIT തുടങ്ങിയ ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്നവർക്കും, Mphil/PhD തുടങ്ങിയവയ്ക്കും പ്രത്യേകം സ്കോളർഷിപ്പുകൾ ലഭ്യമാണ്.

വിദ്യാസമുന്നതി-സ്കോളർഷിപ്പ്		പ്രതിവർഷ സ്കോളർഷിപ്പ് തുക	സ്കോളർഷിപ്പുകളുടെ എണ്ണം
ഹയർസെക്കണ്ടറി (11,12 ക്ലാസ്സുകൾ)		4,000/-	10500
ബിരുദം	പ്രൊഫഷണൽ	8,000/-	3500
	നോൺ പ്രൊഫഷണൽ	6,000/-	10000
ബിരുദാനന്തര ബിരുദം	പ്രൊഫഷണൽ	16,000/-	250
	നോൺ പ്രൊഫഷണൽ	10,000/-	1960
CA,CS, CMA (ICWA)		10,000/-	90
ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ		6,000/-	1000
ദേശീയ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകൾ		പരമാവധി 50,000/- രൂപ വരെ	78
ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	Ph.D	25,000/-	10
	M.Phil	25,000/-	10

വിദ്യാസമുന്നതി സ്കോളർഷിപ്പ് - നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും

- അപേക്ഷകർ കേരള സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ "ഡാറ്റാബാങ്കിൽ" ഒറ്റത്തവണ മാത്രം നിർബന്ധമായി രജിസ്റ്റർ ചെയ്യേണ്ടതും, അപ്രകാരം ലഭിക്കുന്ന രജിസ്റ്റർ നമ്പർ ഉപയോഗിച്ച് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ട തുമാണ്.
- ഡാറ്റാബാങ്ക് രജിസ്ട്രേഷൻ നമ്പർ മുൻ വർഷങ്ങളിൽ ലഭിച്ചിട്ടുള്ളവർ പ്രസ്തുത നമ്പർ ഉപയോഗിച്ച് സ്കോളർഷിപ്പ് സ്കീമിന്റെ ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- ഓരോ വർഷവും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന വർഷത്തെ ധനസഹാ യത്തിന് മുൻ വർഷങ്ങളിൽ നൽകിയ അപേക്ഷ പരിഗണിക്കു ന്നതല്ല.
- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗ ങ്ങളിൽ നിന്നും നാല് ലക്ഷം (4,00,000/-) രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷകൾ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അതത് സ്കീമുകൾക്കായി ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
- സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ പ്രവർത്ത നക്ഷമമായ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.

"അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും നാല് ലക്ഷം രൂപ കവിയാൻ പാടുള്ളതല്ല.

- കുറഞ്ഞ വരുമാനപരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ട് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.

- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടി ലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയാ യിരിക്കും.

- ഹയർസെക്കണ്ടറി തലത്തിൽ കേരളത്തിലെ സർക്കാർ/ എയിഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും മറ്റ് കോഴ്സു കൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയിഡഡ്/ സ്വാശ്രയവിദ്യാഭ്യാസ, റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങളിൽ പഠിക്കുന്ന വർക്കും അപേക്ഷിക്കാവുന്നതാണ്.

- ആൾ ഇന്ത്യാ തലത്തിൽ നടന്ന പ്രവേശന പരീക്ഷ (NEET) വഴി ഇതര സംസ്ഥാനങ്ങളിൽ മെഡിക്കൽ പ്രവേശനം നേടിയ കേരളത്തിലെ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

- കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരിൽ അഖിലേന്ത്യാ തലത്തിലുള്ളമത്സര പരീക്ഷകൾ വഴി മാത്രം അഡ്മിഷൻ ലഭിക്കുന്നവർക്ക് അപേക്ഷിക്കാവുന്ന താണ്. (അതാത് സ്ഥാപനങ്ങൾ നടത്തുന്ന പ്രവേശന പരീക്ഷ യുടെ അടിസ്ഥാനത്തിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പിന് അർഹതയില്ല).

- ഇന്റഗ്രേറ്റഡ് കോഴ്സുകൾ (5 വർഷം) പഠിക്കുന്ന വിദ്യാർ ത്ഥികൾ ആദ്യ 3 വർഷത്തെ സ്കോളർഷിപ്പിനായി ഗ്രാജ്വേഷൻ വിഭാഗത്തിലേക്കും 4, 5 വർഷങ്ങളിലെ സ്കോളർഷിപ്പിനായി പോസ്റ്റ് ഗ്രാജ്വേഷൻ വിഭാഗത്തിലേക്കുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. (രണ്ട് വിഭാഗങ്ങൾക്കും പ്ലസ് ടു/തത്തുല്യ സർട്ടിഫിക്കറ്റാണ് അപ്‌ലോഡ് ചെയ്യേണ്ടത്).

“ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളു.

- ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ (National /Premier Institute) പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീതിന്റെയും സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വരെ അനുവദിക്കുന്നതാണ്.
- CA/CMA(ICWA)/CS വിഭാഗത്തിന് Enrollment Card-ന്റെ പകർപ്പ് അപേക്ഷയോടൊപ്പം Upload ചെയ്യേണ്ടതാണ്.
- CA/CMA(ICWA)/CS സ്കോളർഷിപ്പിനായി മുൻ വർഷങ്ങളിൽ ഈ വിഭാഗത്തിൽ നിന്ന് തന്നെ 2 തവണയെങ്കിലും സ്കോളർഷിപ്പ് ലഭിച്ചവർ പുതുതായി അപേക്ഷിക്കാൻ അർഹരല്ലാത്തതാണ്.
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ പോലും അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി വരെ അപേക്ഷ തിരുത്തുന്നതിനുള്ള അവസരം ലഭിക്കും. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ അപ്ലോഡ് ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- കേന്ദ്ര/ സംസ്ഥാന സർക്കാരുകളുടെ മറ്റ് സ്കോളർഷിപ്പുകൾ/ സ്റ്റൈപന്റുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല. ഇത് സംബന്ധിച്ച് തെറ്റായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പിനത്തിൽ ലഭ്യമായ തുക 12% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി തുടർന്ന് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നു.

> “ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ പോലും അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പണം അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്.

- ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനൊഴികെ മറ്റ് വിഭാഗങ്ങൾക്കായി, ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ അപേക്ഷയുടെയും, രേഖകളുടെയും പകർപ്പുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് തപാലിൽ അയച്ചുതരേണ്ടതില്ല.
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ വിവരങ്ങളും (രേഖകൾ സഹിതം) ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.

വിദ്യാസമുന്നതി മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതി

മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം, അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് ബാങ്ക്/ പി.എസ്.സി/ യു.പി.എസ്.സി./ മറ്റു മത്സര പരീക്ഷകൾ എന്നിവയ്ക്കായുള്ള പരിശീലനം, സിവിൽ സർവീസസ് പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ പരിശീലനം തുടങ്ങിയവയ്ക്കുള്ള ധനസഹായം കോർപ്പറേഷൻ നൽകിവരുന്നു.

വിദ്യാസമുന്നതി മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതി നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും

- ★ അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- ★ അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ ഓൺലൈൻ ഡാറ്റാബാങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ലഭിക്കുന്ന രജിസ്റ്റർ നമ്പർ ഉപയോഗിച്ച് മാത്രമേ പരിശീലന ധനസഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഒരു തവണ മാത്രം ചെയ്യേണ്ടതും പ്രസ്തുത രജിസ്ട്രേഷൻ നമ്പർ സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്. കോർപ്പറേഷൻ ആനുകൂല്യ ങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ ഈ രജിസ്ട്രേഷൻ നമ്പർ അനിവാര്യമാണ്.

- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം (4,00,000/-) രൂപയിൽ താഴെ ആയിരിക്കണം.
- പരിശീലന ധനസഹായ പദ്ധതിക്കുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറഞ്ഞിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

1. ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ്/SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് (മറ്റ് രേഖ കൾ സ്വീകാര്യമല്ല).
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്).
3. പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ്. (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).
4. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
5. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പർ, ബ്രാഞ്ച്, IFSC വ്യക്ത മായി രേഖപ്പെടുത്തിയിരിക്കണം).
6. ആധാർ കാർഡ്.

- ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷ യുടെയും, ഉള്ളടക്കം ചെയ്യുന്ന രേഖകളുടെയും പകർപ്പ് തപാലിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിൽ അയച്ചുതരേണ്ടതില്ല.
- അപേക്ഷകർ പരീക്ഷാ പരിശീലനത്തിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നവരാകണം.
- പരിശീലന, ധനസഹായം, “ഒടുക്കിയ ഫീസ് തിരികെ നൽകുന്ന” മാതൃകയിൽ ആണ്.

- ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർ പരിശീലനത്തിനായി ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, മെഡിക്കൽ/ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പരിശീലനം നടത്തുന്നവർക്ക് പരമാവധി 10,000/- രൂപ വരെയും, ബാങ്ക്/ പി.എസ്.സി/യു.പി.എസ്.സി/ മറ്റിതര മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് പരമാവധി 6,000/- രൂപ വരെയും സിവിൽ സർവ്വീസസ് പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നിവയ്ക്ക് യഥാക്രമം പരമാവധി 15,000/-, 25,000/- & 30,000/- രൂപ വരെയുമാണ് അനുവദിക്കുന്നത്.

- മത്സര പരീക്ഷാ പരിശീലനം നേടുന്ന അപേക്ഷകർക്ക് അതത് മത്സര പരീക്ഷകൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

- മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം ലഭിക്കുന്നതിന് അർഹരായവർ നാഷണലൈസ്ഡ് / ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനക്ഷമമായ അക്കൗണ്ട് വിവരം ലഭ്യമാക്കേണ്ടതാണ്.

- കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ട്, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.

- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. **ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും.**

- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

"മത്സര പരീക്ഷാ പരിശീലനം നേടുന്ന അപേക്ഷകർക്ക് അതത് മത്സര പരീക്ഷകൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

- ★ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി വരെ അപേക്ഷ തിരുത്തുന്നതിനുള്ള അവസരം ലഭിക്കും. പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

- ★ മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ കോർപ്പറേഷൻ സ്വീകരിക്കുന്നതല്ല.

- ★ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പരീക്ഷാ പരിശീലന ധനസഹായം ഒരു കാറ്റഗറിയിൽ മുമ്പ് ലഭിച്ചവർ അതേ കാറ്റഗറിയിൽ പുതുതായി അപേക്ഷിക്കാൻ അർഹരല്ല.

- ★ പരീക്ഷാ പരിശീലന ധനസഹായത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന അപേക്ഷകർക്ക് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് SMS ലഭിക്കുന്നതാണ്. SMS ലഭിക്കുന്ന അപേക്ഷകർ മാത്രം താഴെപ്പറയുന്ന രേഖകൾ തപാലിൽ Kerala State Welfare Corporation for Forward Communities Ltd, L2, Kuleena, Jawahar Nagar, Kowdiar. P.O., Thiruvananthapuram- 3 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

  - ഓൺലൈൻ അപേക്ഷയുടെ പകർപ്പ്.
  - ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് (മറ്റു രേഖകൾ സ്വീകാര്യമല്ല).
  - വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).
  - പരിശീലനം നടത്തുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്).

“ മത്സര പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ കോർപ്പറേഷൻ സ്വീകരിക്കുന്നതല്ല.

- അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്. (അക്കൗണ്ട് നമ്പറും, ബ്രാഞ്ചും വ്യക്തമായി രേഖപ്പെടുത്തിയത്).
- വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
- ആധാർ കാർഡിന്റെ പകർപ്പ്.
- പരിശീലനത്തിനായി ഫീസ് ഒടുക്കിയതിന്റെ അസ്സൽ രസീത്.

സംരംഭകത്വ നൈപുണ്യ വികസന പദ്ധതി (സമുന്നതി ഫാമിംഗ് പ്രോജക്ട് & 'തൂശനില' മിനി കഫേ)

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെട്ട വ്യക്തികളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ കൃഷി, വ്യവസായ മേഖലകൾക്ക് ഊന്നൽ നൽകി തൊഴിൽപരമായ അഭിരുചി കണ്ടെത്തി അതുവഴി മികച്ച വരുമാനം നേടുന്നതിനായി അവരെ പ്രാപ്തരാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൈപിടിച്ച് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംരംഭക്ത്വ നൈപുണ്യ വികസന പദ്ധതിക്ക് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ തുടക്കം കുറിച്ചിരിക്കുകയാണ്.

കന്നുകാലി പരിപാലനം, കോഴിവളർത്തൽ, ആട് പരിപാലനം, 'തൂശനില' മിനി കഫേ എന്നീ വിഭാഗങ്ങളിൽ ആണ് സബ്സിഡി നൽകിവരുന്നത്. ഇതിനായുള്ള വായ്പ അനുവദിക്കുന്നതും വായ്പാതുകയ്ക്കാവശ്യമായ ജാമ്യവസ്തു സംബന്ധിച്ച തീരുമാനവും അതാത് കാലങ്ങളിൽ കോർപ്പറേഷൻ എംപാനൽ ചെയ്യുന്ന ബാങ്കിൽ നിക്ഷിപ്തമായിരിക്കും. (നിലവിൽ ധനലക്ഷ്മി ബാങ്ക്).

വനിതാ ശാക്തീകരണത്തിൽ സാമ്പത്തിക ഇടപെടലിന്റെ ഭാഗമായി കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ, 'സമുന്നതി തൂശനില' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. ഇത് സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള ഭക്ഷണം തയ്യാറാക്കി നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്, ധനലക്ഷ്മി ബാങ്ക് എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് കോർപ്പറേഷൻ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

> കന്നുകാലി/ കോഴി/ ആട് പരിപാലനം, തൂശനില മിനി കഫേ എന്നീ വിഭാഗങ്ങളിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി വരുന്നു.

'തൂശനില' മിനി കഫേ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ

1. കേരളത്തിലെ സംവരണേതര സമുദായംഗങ്ങളിലുൾപ്പെട്ട കൂട്ടുത്തരവാദിത്വ സംഘങ്ങൾ (വ്യക്തിഗത വാർഷിക വരുമാനം 4 ലക്ഷം രൂപയിൽ താഴെയുള്ള 4 മുതൽ 5 അംഗങ്ങൾ വരെ ഉൾപ്പെടുന്ന വനിത സംഘങ്ങൾ) ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ, ഭക്ഷ്യ സുരക്ഷാ (Food Safety) വകുപ്പുമായി ചേർന്ന് നൽകുന്ന പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ലൈസൻസ്, തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന അനുമതിപത്രം എന്നിവ ഹാജരാക്കണം.
3. കഫേയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, വെള്ളം, ഇലക്ട്രിസിറ്റി, കുക്കിംഗ് ഗ്യാസ്, അവശ്യം വേണ്ട പാത്രങ്ങൾ എന്നിവയും ക്രമീകരിക്കേണ്ടതാണ്.
4. 300 മുതൽ 500 Sq.Ft–വരെ വിസ്തീർണ്ണം വേണ്ട കഫേയിൽ കുറഞ്ഞത് 7 മുതൽ 10 വരെ ഉപഭോക്താക്കൾക്ക് ഒരേ സമയം ഇരിക്കാവുന്ന പോളീഷ് ചെയ്ത ബഞ്ചും ഡസ്കും അവശ്യം ഉണ്ടായിരിക്കേണ്ടതാണ്.
5. കഫേയിൽ ദിനംപ്രതിയുണ്ടാകുന്ന മാലിന്യങ്ങൾ/ ഭക്ഷണാവശിഷ്ടങ്ങൾ അവരവർ തന്നെ നീക്കം ചെയ്ത് സംസ്കരിക്കേണ്ടതാണ്.
6. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള Design ൽ വേണം കഫേ തയ്യാറാക്കേണ്ടത്. ജീവനക്കാർക്ക് പ്രത്യേകം Dress Code ഉണ്ടായിരിക്കും.
7. രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ കഫേ പ്രവർത്തിപ്പിക്കേണ്ടതാണ്.
8. സാമ്പത്തിക സഹായം ലഭിക്കുന്നതിന്, തെരെഞ്ഞെടുക്കപ്പെടുന്ന കൂട്ടുത്തരവാദിത്വ സംഘങ്ങൾ സമുന്നതിയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

> “കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള Design ൽ വേണം കഫേ തയ്യാറാക്കേണ്ടത്. ജീവനക്കാർക്ക് പ്രത്യേകം Dress Code ഉണ്ടായിരിക്കും.

സംരംഭകത്വ നൈപുണ്യ വികസന പദ്ധതി നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും

1) അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാകണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് ഹാജരാക്കേണ്ടതാണ്.)

2) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും നാല് ലക്ഷം (4,00,000/-) രൂപ കവിയാൻ പാടുള്ളതല്ല. (വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്)

3) അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ "ഡാറ്റാബാങ്കിൽ" ഒറ്റത്തവണ മാത്രം നിർബന്ധമായി രജിസ്റ്റർ ചെയ്യേണ്ടതും, അപ്രകാരം ലഭിക്കുന്ന രജിസ്റ്റർ നമ്പർ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

4) Dhanlaxmi ബാങ്ക് മുഖേനയാണ് നിലവിൽ വായ്പ ലഭ്യമാക്കുക.

5) കന്നുകാലി പരിപാലനം, കോഴി വളർത്തൽ, ആട് പരിപാലനം, 'തൂശനില' മിനി കഫേ എന്നീ വിഭാഗങ്ങളിൽ ആണ് വായ്പകൾ ലഭ്യമാക്കുന്നത്.

6) വ്യക്തിഗത/4-5 അംഗങ്ങളടങ്ങുന്ന കൂട്ടുത്തരവാദിത്വ സംഘങ്ങൾ എന്നിങ്ങനെയാണ് വായ്പകൾ അനുവദിക്കുന്നത്.

7) വായ്പ അനുവദിക്കുന്നതും, വായ്പാ തുകയ്ക്കാവശ്യമായ ജാമ്യവസ്തു (Collateral Security) സംബന്ധിച്ച തീരുമാനവും Dhanlaxmi ബാങ്കിൽ നിക്ഷിപ്തമായിരിക്കും.

8) പ്രസ്തുത വായ്പാ പദ്ധതിയിൽ അതാതു കാലങ്ങളിൽ ബാങ്ക് നിർദ്ദേശിക്കുന്ന പലിശ നിരക്കുകൾ ബാധകമായിരിക്കും.

> അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിലെ "ഡാറ്റാബാങ്കിൽ" ഒറ്റത്തവണ മാത്രം നിർബന്ധമായി രജിസ്റ്റർ ചെയ്യേണ്ടതും, അപ്രകാരം ലഭിക്കുന്ന രജിസ്റ്റർ നമ്പർ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

9) പരമാവധി വായ്പാ തുക ബാങ്ക് നിശ്ചയിക്കുന്നതായിരിക്കും. എന്നാൽ സമുന്നതി ഫാമിംഗ് പ്രോജക്ടിന് വായ്പാതുകയുടെ 30% അല്ലെങ്കിൽ പരമാവധി 1,20,000/- രൂപ വരെയും 'തൂശനില' മിനി കഫേ പ്രോജക്ടിന് നഗര പ്രദേശങ്ങളിലുള്ള അപേക്ഷകർക്ക് ലോൺ തുകയുടെ 60% അല്ലെങ്കിൽ പരമാവധി 2,00,000/- രൂപ വരെയും. ഗ്രാമ പ്രദേശങ്ങളിലുള്ള അപേക്ഷകർക്ക് ലോൺ തുകയുടെ 50% അല്ലെങ്കിൽ പരമാവധി 1,50,000/- രൂപ വരെയും (ഇതിൽ കുറഞ്ഞ തുക) മൂലധന സബ്സിഡിയായി നൽകും. രണ്ട് ഗഡുക്കളായിട്ടാണ് ധനസഹായം അനുവദിക്കുന്നത്.

10) തിരിച്ചടവ് കാലാവധിയും ലോൺ ലഭിക്കുന്നതിന് അതത് പദ്ധതികൾക്ക് അവശ്യം വേണ്ട ഘടകങ്ങളും ബാങ്ക് നിശ്ചയിക്കുന്നതായിരിക്കും.

11) പദ്ധതി, മാനദണ്ഡങ്ങൾക്കനുസൃതമായി ആരംഭിച്ചുവെന്ന് ബാങ്ക് സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് ആദ്യഗഡു (50%) ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതായിരിക്കും.

12) ആദ്യഗഡു ധനസഹായം നൽകി 3 - 4 മാസത്തിനുള്ളിൽ സമുന്നതിയിലെ ഉദ്യോഗസ്ഥർ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സ്ഥലത്തെത്തി മേലന്വേഷണം നടത്തുകയും പദ്ധതി വിജയകരമായി നടത്തപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്തതിന് ശേഷം മാത്രമാണ് രണ്ടാം ഗഡു (50%) ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത്.

13) പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതായി സമുന്നതിയുടെ മേലന്വേഷണത്തിൽ തെളിയുന്ന പക്ഷം, ഗുണഭോക്താവിനനുവദിച്ച ആദ്യ ഗഡു, 12% കൂട്ടുപലിശ ഉൾപ്പെടെ സമുന്നതിയുടെ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. തുടർന്ന് ഗുണഭോക്തക്കൾക്ക് പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷിക്കുവാൻ അർഹതയില്ലാത്തതുമാകുന്നു.

14) 'തൂശനില' മിനി കഫേ ആരംഭിക്കുന്നതിന് സമുന്നതി ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് പരിശീലനം നൽകുന്നതായിരിക്കും.

> “ആദ്യഗഡു ധനസഹായം നൽകി 3 - 4 മാസത്തിനുള്ളിൽ സമുന്നതിയിലെ ഉദ്യോഗസ്ഥർ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സ്ഥലത്തെത്തി മേലന്വേഷണം നടത്തുകയും പദ്ധതി വിജയകരമായി നടത്തപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്തതിന് ശേഷം മാത്രമാണ് രണ്ടാം ഗഡു (50%) ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത്.

15) പരിശീലനം കഴിഞ്ഞ് സമുന്നതി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ 'തൂശനില' മിനികഫേ തുടങ്ങുവാൻ പാടുള്ളൂ. സമുന്നതി നിർദ്ദേശിക്കുന്ന മാതൃക അനുസരിച്ചാകണം കഫേ ആരംഭിക്കേണ്ടത്.

16) തൂശനില മിനി കഫേയുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം ലഭിക്കുന്നതിന്, തെരഞ്ഞെടുക്കപ്പെടുന്ന കൂട്ടുത്തരവാദിത്വ സംഘങ്ങൾ സമുന്നതിയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

17) ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച്, കുറഞ്ഞ വരുമാനക്കാർക്ക് മുൻഗണന നൽകിക്കൊണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സബ്സിഡി തുക ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് മൂലധന സബ്സിഡിയായി ക്രഡിറ്റ് ചെയ്യുന്നതാണ്.

18) സമുന്നതിയുടെ പൊതു അപേക്ഷയ്ക്കൊപ്പം, ലോണുകൾക്കുള്ള Dhanlaxmi ബാങ്കിന്റെ അപേക്ഷയും അനുബന്ധ രേഖകളും ചേർത്ത് Dhanlaxmi ബാങ്കിന്റെ ബന്ധപ്പെട്ട ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. Dhanlaxmi ബാങ്കും കോർപ്പറേഷനും പ്രസ്തുത അപേക്ഷകളിൽ സൂക്ഷ്മ പരിശോധനകൾ നടത്തി, പദ്ധതി പ്രകാരം അർഹരായ അപേക്ഷകർക്ക് വായ്പ ലഭ്യമാക്കുന്നതുമാണ്.

19) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പലിശ സബ്സിഡി ആനുകൂല്യം നിലവിൽ ലഭിക്കുന്നവർക്ക് പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

20) അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

21) വായ്പാ അപേക്ഷ സമർപ്പിച്ചു എന്നത് കൊണ്ട് വായ്പയ്ക്കോ, അനുബന്ധ സബ്സിഡിക്കോ അപേക്ഷകൻ അർഹനാകുന്നതല്ല.

"
തൂശനില മിനി കഫേയുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം ലഭിക്കുന്നതിന്, തെരഞ്ഞെടുക്കപ്പെടുന്ന കൂട്ടുത്തരവാദിത്വ സംഘങ്ങൾ സമുന്നതിയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

22) ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.

23) അപേക്ഷകൾ നേരിട്ട് Dhanlaxmi ബാങ്കിൽ ലഭ്യമാക്കേണ്ടതാണ്.

24) അപേക്ഷാഫാറവും വിശദവിവരങ്ങളും www.kswcfc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

"അപേക്ഷകൾ നേരിട്ട് Dhanlaxmi ബാങ്കിൽ ലഭ്യമാക്കേണ്ടതാണ്.

സംരംഭ സമുന്നതി-സ്വയം സഹായ/ കൂട്ടുത്തരവാദിത്ത സംഘങ്ങൾക്കുള്ള പലിശ സഹായ പദ്ധതി

സ്വയം തൊഴിൽ മേഖലയിൽ കേരളത്തിലുടനീളം പ്രവർത്തിക്കുന്ന സംവരണേതര സമുദായാംഗങ്ങൾ ഉൾപ്പെട്ട സ്വയം സഹായ സംഘങ്ങൾക്കും കൂട്ടുത്തരവാദിത്ത ഗ്രൂപ്പുകൾക്കും (SHG/JLG) സംരംഭ സമുന്നതി - പലിശ സഹായ പദ്ധതിയുടെ കീഴിൽ ധനസഹായം ലഭ്യമാക്കുന്നു.

നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും

- സംഘം (SHG/JLG) ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന എല്ലാവരും കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായ വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം. SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് അല്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് (ഓരോ അംഗങ്ങളുടെയും) ഹാജരാക്കേണ്ടതാണ്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന എല്ലാവരും www.kswcfc.org എന്ന വെബ്സൈറ്റിൽ Data Bank Registration എന്ന ലിങ്കിൽ രജിസ്ട്രേഷൻ നടത്തേണ്ടതും ലഭിക്കുന്ന മെമ്പർഷിപ്പ് നമ്പർ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

- ഈ പദ്ധതിയുടെ ഭാഗമായി പലിശ സബ്സിഡി ലഭിക്കുന്ന വായ്പയ്ക്ക് മറ്റ് സർക്കാർ/സർക്കാർ ഇതര ഏജൻസികൾ, ബാങ്കുകൾ മുതലായവയിൽ നിന്നും സബ്സിഡിയോ അനുബന്ധ ആനുകൂല്യങ്ങളോ ലഭിച്ചിട്ടുണ്ടാകരുത്.
- അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സംഘാംഗങ്ങളുടെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം (4,00,000/-) രൂപയിൽ അധികമാകാൻ പാടില്ല (വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് (ഓരോ അംഗങ്ങളുടെയും) ഹാജരാക്കേണ്ടതാണ്).
- മുൻ സാമ്പത്തിക വർഷം എടുത്ത വായ്പയ്ക്ക് മാത്രമേ പലിശ സഹായത്തിന് അർഹതയുള്ളൂ.
- ഒരു സംഘത്തിലെ അംഗങ്ങൾക്ക് 6 ലക്ഷം രൂപാവരെയുള്ള വായ്പയ്ക്ക് മാത്രമേ പലിശ സഹായം ലഭിക്കുകയുള്ളൂ. വായ്പാ തുകയുടെ 3% ആയിരിക്കും പലിശ സഹായമായി ലഭിക്കുക. (പരമാവധി 18,000/- രൂപ).
- പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ ഉൾപ്പെടെ വ്യക്തമായ ശുപാർശകൾ സഹിതം സന്നദ്ധ സംഘടനകളിൽ നിന്നും നിശ്ചിത തീയതിക്കകം കോർപ്പറേഷൻ ഓഫീസിൽ ലഭ്യമാക്കണം.
- സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, അർഹതയുള്ള അപേക്ഷകളിൽ ആദ്യം ലഭിക്കുന്ന അപേക്ഷകൾ ആദ്യം പരിഗണിക്കുക എന്ന മാനദണ്ഡം അനുസരിച്ചാണ് ധനസഹായത്തിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.
- ഒരു സംഘത്തിലെ എല്ലാ അംഗങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നുവെങ്കിൽ സംഘത്തിന്റെ എസ്.ബി അക്കൗണ്ടിലേയ്ക്ക് പലിശ സഹായം, ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം മുഖേന കോർപ്പറേഷൻ നേരിട്ട് നൽകുന്നതായിരിക്കും.
- സംഘത്തിലെ മുഴുവൻ അംഗങ്ങൾക്കും ആനുകൂല്യത്തിന് അർഹതയില്ലായെങ്കിൽ അർഹതയുള്ളവർക്ക് അനുവദിച്ച തുക, സംഘത്തിന്റ എസ്.ബി. അക്കൗണ്ടിലേയ്ക്ക്

ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനം മുഖേന കോർപ്പറേഷൻ നേരിട്ട് നൽകുന്നതായിരിക്കും.

എസ്.ബി.അക്കൗണ്ടിൽ ലഭിക്കുന്ന തുക ഓരോ അംഗത്തിനും അവരുടെ വായ്പയുടെ തോത് അനുസരിച്ച് സംഘം ചെക്ക് മുഖേന വീതിച്ചു നൽകേണ്ടതാണ്.

- ★ ലിങ്കേജ് വായ്പയ്ക്കുള്ള ക്രഡിറ്റ് പ്ലാൻ അനുസരിച്ചുള്ള തുക അംഗങ്ങൾ യഥാർത്ഥത്തിൽ എടുത്തത് അനുസരിച്ചു വേണം അപേക്ഷയിൽ വായ്പ തുക കാണിക്കാൻ. ഇത് സന്നദ്ധ സംഘടന ബോദ്ധ്യപ്പെട്ടിരിക്കണം.
- ★ ഗ്രൂപ്പ് വായ്പ എടുക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും പലിശ സബ്സിഡി അർഹതയില്ലാ തിരുന്നാൽ മൊത്തം വായ്പയിൽ ഓരോരുത്തർക്കുമുള്ള വായ്പ തുക എത്രയെന്ന് അപേക്ഷയിൽ കാണിക്കണം. ഇത് സന്നദ്ധ സംഘടനയ്ക്ക് ബോധ്യപ്പെട്ടിരിക്കണം.
- ★ അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.
- ★ ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.
- ★ അപേക്ഷാഫാറവും വിശദവിവരങ്ങളും www.kswcfc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

“ പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ ഉൾപ്പെടെ വ്യക്തമായ ശുപാർശകൾ സഹിതം സന്നദ്ധ സംഘടനകളിൽ നിന്നും നിശ്ചിത തീയതിക്കകം കോർപ്പറേഷൻ ഓഫീസിൽ ലഭ്യമാക്കണം.

മംഗല്യസമുന്നതി

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കോർപ്പറേഷൻ 2019-20 സാമ്പത്തിക വർഷം മുതൽ അഭിമാനത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മംഗല്യസമുന്നതി. കേരള സംസ്ഥാനത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള മുൻഗണന AAY, മുൻഗണന വിഭാഗങ്ങളിലെ 18 വയസ്സിന് മുകളിൽ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹ നടത്തിപ്പിലേക്കാണ് ധനസഹായം നൽകുന്നത്. മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, കുറഞ്ഞ വരുമാനം ഉള്ളവർ, വിവാഹിതരായ പെൺകുട്ടികളിൽ പ്രായം കൂടിയവർ, ഭിന്നശേഷിക്കാർ, മാതാപിതാക്കൾ ഉപേക്ഷിച്ച പെൺകുട്ടി തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് മുൻഗണന നൽകിയാണ് ആനുകൂല്യം അനുവദിക്കുന്നത്.

മംഗല്യസമുന്നതി നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും

- അപേക്ഷകർ മുൻഗണന AAY (മഞ്ഞ കാർഡ്), മുൻഗണന (പിങ്ക് കാർഡ്)വിഭാഗങ്ങളിലെ റേഷൻകാർഡ് ഉടമകളായിരിക്കണം.
- വിവാഹിതയായ പെൺകുട്ടിയുടെ അച്ഛൻ/ അമ്മ/ പെൺകുട്ടി ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- പെൺകുട്ടി സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്ന ആളായിരിക്കണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് എന്നിവ രേഖകളായി സ്വീകരിക്കുന്നതാണ്.)

“ മാതാപിതാക്കൾ നഷ്ടപ്പെട്ടവർ, കുറഞ്ഞ വരുമാനം ഉള്ളവർ, വിവാഹിതരായ പെൺകുട്ടികളിൽ പ്രായം കൂടിയവർ, ഭിന്നശേഷിക്കാർ, മാതാപിതാക്കൾ ഉപേക്ഷിച്ച പെൺകുട്ടി തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് മുൻഗണന നൽകിയാണ് ആനുകൂല്യം അനുവദിക്കുന്നത്.

- ★ അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും ഒരുലക്ഷം (1,00,000/-) രൂപ കവിയാൻ പാടുള്ളതല്ല.
- ★ വിവാഹിതയായ പെൺകുട്ടിയുടെ പ്രായം വിവാഹ തീയതി യിൽ 18 വയസ്സോ അതിന് മുകളിലോ ആയിരിക്കണം.
- ★ അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയോ ടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണമായിട്ടുള്ളതുമായ അപേക്ഷ കൾ നിരസിക്കുന്നതായിരിക്കും.
- ★ ഒരു ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. ധനസഹായം അപേക്ഷകന്റെ/ അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതാണ്.
- ★ മാതാപിതാക്കൾ മരണപ്പെട്ടുപോയ/ നഷ്ടപ്പെട്ട പെൺ കുട്ടികൾക്ക് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കാവുന്നതും ധനസഹായം ടിയാളുടെ തന്നെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നതുമാണ്.
- ★ ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ളവർക്കാണ് ധനസഹായം അനുവദിക്കുന്നത്. ഒരേ വരുമാനപരിധിയിൽ ഉള്ളവരെ പരിഗണിക്കുമ്പോൾ

  I. മാതാപിതാക്കൾ നഷ്ടപ്പെട്ട വിവാഹിത

  II. ഭിന്നശേഷിക്കാരായ വിവാഹിത

  III. വിവാഹിതയായ പെൺകുട്ടിയുടെ പ്രായം

തുടങ്ങിയവയ്ക്ക് മുൻതൂക്കം/പരിഗണന നൽകിയായിരിക്കും ആനുകൂല്യം അനുവദിക്കുന്നത്.

> “ ഒരു ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).
3. പെൺകുട്ടിയുടെ ജാതി തെളിയിക്കുന്ന രേഖ (വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്)
4. റേഷൻ കാർഡിന്റെ പകർപ്പ്.
5. അപേക്ഷകയുടെ/ അപേക്ഷകന്റെയും, പെൺകുട്ടിയുടേയും ആധാറിന്റെ പകർപ്പ്.
6. പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന രേഖയുടെ പകർപ്പ്. (SSLC Certificate/Birth Certificate).
7. വിവാഹ ക്ഷണക്കത്ത് (അസൽ).
8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടിയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടിയാണ് അപേക്ഷകയെങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.

മറ്റു നിർദ്ദേശങ്ങൾ

- ★ ഒരു പെൺകുട്ടിക്ക് ഒരിക്കൽ മാത്രമേ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുകയുള്ളൂ.
- ★ ഒരേ കുടുംബത്തിലെ 2 ൽ കൂടുതൽ പെൺകുട്ടികൾക്ക് യാതൊരു കാരണവശാലും ധനസഹായം അനുവദിക്കുന്നതല്ല. എന്നാൽ ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിലെ ഒരു കുട്ടിയുടെ പേരിൽ മാത്രമേ അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
- ★ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുന്ന പക്ഷം അനുവദിച്ച തുക സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂട്ടുപലിശയും ചേർത്ത് തിരിച്ചടയ്ക്കേണ്ടതും പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹത നഷ്ടപ്പെടുന്നതുമാണ്.
- ★ ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും.
- ★ അപേക്ഷകൾ തപാൽ മുഖേനയോ നേരിട്ടോ കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.
- ★ ധനസഹായം ലഭിക്കുന്നതിന് നാഷണലൈസ്ഡ് / ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലുമൊരു ശാഖയിൽ പ്രവർത്തനക്ഷമമായ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

'ഡോ. അംബേദ്ക്കർ പോസ്റ്റ് മെട്രിക്' സ്കോളർഷിപ്പ്

ഹയർസെക്കണ്ടറി, ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ, ബിരുദം, ബിരുദാനന്തര ബിരുദം, സി.എ/ സി.എം.എ/ സി.എസ്/ I.C.F.A ഗവേഷക വിഭാഗം (Ph.D, M.Phil, D.Litt, D.Sc) എന്നീ മേഖലകളിൽ പഠിക്കുന്ന കേരളത്തിലെ സംവരണേതര സമുദായങ്ങളിൽപ്പെടുന്നതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളതുമായ വിദ്യാർത്ഥികൾക്കാണ് ഡോ. അംബേദ്ക്കർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ KSWCFC മുഖേന നൽകുന്നത്. 100% കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് ഡോ.അംബേദ്കർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്. " സർക്കാർ സ്കൂൾ/ കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾ മാത്രമേ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരാകുന്നുള്ളൂ". രണ്ടര ലക്ഷം രൂപയാണ് അപേക്ഷിക്കാൻ വേണ്ട വാർഷിക വരുമാന പരിധി.

> "സർക്കാർ സ്കൂൾ/ കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾ മാത്രമേ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരാകുന്നുള്ളൂ

'ഡോ. അംബേദ്ക്കർ പോസ്റ്റ് മെട്രിക്' സ്കോളർഷിപ്പ് നിബന്ധനകളും, മാർഗ്ഗനിർദ്ദേശങ്ങളും

I. OBJECTIVE

The objective of the scheme is to provide financial assistance to the Economically Backward Class (EBC) students studying at post-matriculation or post-secondary stage to enable them to complete their education.

II. SCOPE

These scholarships shall be available for studies in Government Institutions in India only.

III. CONDITIONS OF ELIGIBILITY

(i) The scholarships will be open to Indian nationals belonging to General Category (Other than Schedule Caste, Schedule Tribe and Other Backward Classes) and the total income from all sources of the employed candidate or his/her parents/guardians in case of unemployed candidate shall not exceed Rs.2.5 lakh per annum.

(ii) Income certificate should be submitted from the Village Officer/ Tahasildar concerned.

(iii) Caste Certificate should be produced. [attested copy of the SSLC certificate providing the caste of the student/ scholar or Certificate from the Village officer (Eligible castes for applying for Scholarships are as per the G.O (Ms) No. 114/2021/GAD dated 03.06.2021)]

(iv) These scholarships will be given for the study of all recognized post matriculation or post-secondary courses pursued in the Government institutions only with the following exceptions: "Scholarships shall not be awarded for Commercial Pilot Licence (CPL) Course and other aviation linked courses."

(v) Candidates who, after passing one stage of education, are studying in the same stage of education in different subject e.g. I. Sc. after I.A or B.Com. after B.A. or M.A. in a subject after M.A in another subject will not be eligible.

(vi) Students who, after having completed their educational career in one professional line, e.g., LLB after B.T/B. Ed. will not be eligible.

(vii) Students pursuing Post-Graduate courses in medicine will be eligible if they are not allowed to practice during the period of their course.

(viii) Students who after failing or passing the Under Graduate/ Post-Graduate examinations in Arts/science/Commerce join any recognized professional or Technical certificate/ diploma/degree courses will be awarded scholarships if other wise eligible. No subsequent failure will be condoned except courses in Group 'A' and no further change in the course will be allowed.

(ix) Students who pursue their studies through correspondence courses will be eligible towards reimbursement of non-refundable fee. The term correspondence includes distant and continuing education. Besides reimbursement of non-refundable fee, such students will also be eligible for an annual allowance of Rs. 900/- for essential/prescribed books, as applicable.

(x) Only two boys of the same parents/guardian will be entitled to receive scholarships. This restriction will, however, not apply to girls. Accordingly,scholarship availed by girls of same parents/guardian will not adversely affect admissibility of availing scholarship upto two boys of same parents/ guardian.

(xi) A scholarship holder under this Scheme will not hold any other scholarship/ stipend. If awarded any other scholarship/ stipend, the students can exercise his/her option for either of the two scholarships/stipends, which ever is more beneficial to him/her and should inform the awarding authority through the Head of the Institution about the option made. No scholarship will be paid to the students under this Scheme from the date he/she accepts any other scholarships/stipend. The student can however, accept free lodging or a grant or ad-hoc monetary help from the State Government or any other source for the purchase

of books, equipment or for meeting the expenses on board and lodging, in addition to the scholarship amount paid under this Scheme.

IV. VALUE OF SCHOLARSHIP

The value of scholarship will include Maintenance Allowance in lump sum (for 10 months) Reader Charges for blind students, reimbursement of compulsory non-refundable fees, Study Tour Charges/ thesis typing/ printing charges and book allowance for students pursuing correspondence course.

i) Maintenance Allowance

Course of (1)	Rate of Maintenance Allowance (Rs. Per Month) Hostellers (2)	Day Scholars (3)
Group A (i) Degree and Post Graduate level courses including M.Phil., Ph.D. and Post Doctoral research in Medicine (Allopathic, Indian and other recognized systems of medicines), Engineering, Technology, Planning, Architecture, Design, Fashion Technology, Agriculture, Veterinary & Allied Sciences, Management, Business Finance/Administration, Computer Science/ Applications. (ii) Post Graduate Diploma courses in various branches of management & medicine. (iii) C.A./ I.C.W.A./ C.S./ I.C.F.A. etc. (iv) M. Phil., Ph.D. and Post-Doctoral Programmes (D.Litt., D.Sc. etc.). (v) L.L.M.	750	350
Group B (i) Graduate/Post Graduate courses leading to Degree, Diploma, Certificate in are as like Pharmacy (B. Pharma), Nursing (B Nursing), LLB, BFS, other para-medial branches like rehabilitation diagnostics etc., Mass Communication, Hotel Management & Catering, Travel/ Tourism/ Hospitality Management, Interior Decoration, Nutrition & Dietetics, Commercial Art, Financial Services (e.g. Banking, Insurance,Taxation etc.) for which entrance qualification is minimum Sr. Secondary (10+2), except aviation related courses. (ii) Post Graduate courses not covered under Group A e.g. MA/M.Sc./M.Com/ M.Ed./M.Pharma etc.	510	335
Group C All other courses leading to a graduate degree not covered under Group A & B e.g. BA/B.Sc./B.Com etc.	400	210
Group D All post-matriculation level non-degree courses for which entrance qualification is High School (Class X),e.g. senior secondary certificate (class XI and XII);both general and vocational stream, ITI courses, 3year diploma courses in Polytechnics, etc.	260	160

ii) Reader Charges for blind students (Blind Scholars)

The blind scholars will be given additional amount as 'Readers Charges' as mentioned below:

Group	Reader Allowance (Rs. P.m.)
Group A,B	175
Group C	130
Group D	90

iii) Fees

Scholars will be paid enrollment/registration, tuition, games, union, library, magazine,medical examination and such other fees compulsorily payable by the scholar to the institution or University/Board. Refundable deposit-like caution money, security deposit will, however, be excluded.

iv) Study Tours

Study tour charges upto a maximum of Rs. 900/- per annum limited to the actual expenditure incurred by the student on transportation charges etc., will be paid to the scholars studying professional and technical courses, provided that the head of the institution certifies that the study tour is essential for the scholar for completion of his/her course of study.

v) Thesis Typing /Printing charges

Thesis typing/printing charges upto a maximum of Rs. 1000 will be paid to research scholars on the recommendation of the Head of the Institution.

V. OTHER CONDITIONS FOR THE AWARD

i. The scholarship is dependent on the satisfactory progress and conduct of the scholars. If it is reported by the Head of the Institution at any time that a scholar has, by reasons of his/her

own act or default, failed to make satisfactory progress or has been guilty of misconduct such as resorting to or participating in strikes, irregularity in attendance without the permission of the authorities concerned etc., the authority sanctioning the scholarships may either cancel the scholarships or stop or with hold further payment of such period as it may think fit.

ii. If a student is found to have obtained a scholarship by false statement his/her scholarship will be cancelled forthwith and the amount of the scholarship paid will be recovered, at the discretion of the concerned State Government. The student concerned will be blacklisted and debarred for scholarship in any scheme for ever.

VI. PROCEDURE FOR APPLYING

i) An application for scholarship to the prescribed authority should comprise:

a. One copy of the application for scholarship in the prescribed form.

b. One copy of the passport size photograph with signature of the student thereon.

c. Self attested copies of certificates of all examinations passed.

d. A certificate (in original) of income issued by an authorized Revenue Officer not below the rank of Village Officer.

e. Caste Certificate [SSLC Certificate duly attested by the Gazetted Officer or certificate issued by Village Officer (Eligible castes for applying for the scholarships are as per G.O (MS) No. 114/2021/GAD dated 03/06/2021)]

ii) Duly filled application shall be submitted to the Head of the Institution being attended or last attended by the candidates for verification and authentication and shall be addressed to the Managing Director, KSWCFC.

സംവരണേതര സമുദായ അംഗങ്ങളുടെ ഡാറ്റാബാങ്ക്

സംസ്ഥാനത്തെ സംവരണേതര സമുദായ അംഗങ്ങളുടെ സാമൂഹിക അവസ്ഥ, തൊഴിൽ മേഖലകൾ, പൊതു ആരോഗ്യസ്ഥിതി, ആയുർദൈർഘ്യം, കുടുംബത്തിലെ അംഗങ്ങളുടെ ശരാശരി എണ്ണം, പാർപ്പിടങ്ങളുടെ സ്ഥിതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ മുൻഗണനകൾ തുടങ്ങി സമഗ്രമായ വിവര ശേഖരണം നടത്തുന്നു. ഓൺലൈനായി സംവരണേതര സമുദായ അംഗങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്നതും ഐഡി നമ്പർ ഭാവിയിൽ കോർപ്പറേഷന്റെ വിവിധ പദ്ധതികൾക്കായി ഉപയോഗിക്കാവുന്നതുമാണ്.

പദ്ധതികളുടെ പൊതു നിബന്ധനകൾ

- ★ അപേക്ഷകൻ/അപേക്ഷക സംവരണേതര സമുദായ വിഭാഗങ്ങളിൽപ്പെടുന്ന ആളായിരിക്കണം.
- ★ ഓരോ പദ്ധതികൾക്കും പ്രത്യേകം അപേക്ഷാഫോമുകളാണുള്ളത്. അവ യഥാവിധം പൂരിപ്പിച്ച് സമർപ്പിക്കാത്തപക്ഷം അത്തരം അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടും.
- ★ ഓരോ പദ്ധതികൾക്കും ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിച്ചിരിക്കണം.
- ★ നിശ്ചിത തീയതിക്കകം കോർപ്പറേഷനിൽ ലഭിക്കാത്ത ഓൺലൈൻ / ഓഫ്ലൈൻ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടും.
- ★ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (ബാങ്കിന്റെ പേര്/ ബ്രാഞ്ച്/അക്കൗണ്ട് നമ്പർ/ഐ.എഫ്.എസ്.സി.) നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.
- ★ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ പ്രവർത്തനക്ഷമമാണെന്നു ഉറപ്പു വരുത്തേണ്ടതാണ്.
- ★ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുന്ന പക്ഷം അനുവദിച്ച തുക സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂട്ടുപലിശയും ചേർത്ത് തിരിച്ചടയ്ക്കേണ്ടതും പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹതയില്ലാത്തതുമാണ്.
- ★ ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമായിരിക്കും.
- ★ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഭരണാനുമതിക്ക് അനുസൃതമായി ചില മാറ്റങ്ങൾ വരുത്താറുണ്ട് അത് ശ്രദ്ധിച്ച് മനസ്സിലാക്കിയതിന് ശേഷം മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

★ അക്ഷയകേന്ദ്രം ഉൾപ്പെടെയുള്ള പൊതുജനസേവന കേന്ദ്രങ്ങൾ (CSC) വഴി അപേക്ഷ സമർപ്പിക്കുന്നവർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്തെങ്കിലും വീഴ്ചകൾ ഉണ്ടായാൽ അത് വ്യക്തിപരമായ ഉത്തരവാദിത്തം മാത്രം ആയിരിക്കും.

വിവരാവകാശ നിയമപ്രകാരമുള്ള ഓഫീസർമാർ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ :

ശ്രീ. ഹരികൃഷ്ണൻ. കെ.ജി., അസിസ്റ്റന്റ് മാനേജർ,

ഫോൺ: 0471 2311215

അപ്പലേറ്റ് അധികാരി : ശ്രീ. ആർ. രജികുമാർ, ജനറൽ മാനേജർ,

ഫോൺ: 0471 2311225

വിലാസം

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ
(സമുന്നതി), L2 , കുലീന, ജവഹർനഗർ, കവടിയാർ പി.ഒ,
തിരുവനന്തപുരം 695003. PH: 0471 2311215
Email: kswcfc@gmail.com, Web: www.kswcfc.org

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 10 Vol. X	തിരുവനന്തപുരം, വെള്ളി Thiruvananthapuram, Friday	2021 ജൂൺ 04 04th June 2021 1196 ഇടവം 21 21st Idavam 1196 1943 ജ്യേഷ്ഠം 14 14th Jyaishta 1943	നമ്പർ No.	1706

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണം—കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുഭരണ (ഏകോപനം) വകുപ്പ്

സ. ഉ. (എംഎസ്.) നമ്പർ 114/2021/പൊഭവ. *തിരുവനന്തപുരം, 2021 ജൂൺ 3.*

പരാമർശം:—മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്.

ഉത്തരവ്

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാന ഒ.ബി.സി., കേന്ദ്ര ഒ.ബി.സി., സംസ്ഥാന SEBC പട്ടികയിൽ ഒന്നും പെടാത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കാത്ത 166 സംവരണേതര വിഭാഗങ്ങളുടെ പട്ടിക കമ്മീഷൻ സമർപ്പിച്ചിരുന്നു.

സർക്കാർ പ്രസ്തുത പട്ടിക വിശദമായി പരിശോധിക്കുകയും പട്ടികയിൽ ഉൾപ്പെട്ടതും നിലവിൽ ഒ.ബി.സി. വിഭാഗ പട്ടികയിൽ ഉൾപ്പെട്ടതുമായ നായിഡു, നാടാർ (എസ്.ഐ.യു.സി. യിൽ ഉൾപ്പെടാത്ത ക്രിസ്തുമതക്കാർ), ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്നീ വിഭാഗങ്ങളെ ഒഴിവാക്കി ചുവടെ കൊടുത്തിരിക്കുന്ന 164 വിഭാഗങ്ങളെ സംവരണേതര വിഭാഗമായി ഉൾപ്പെടുത്തി സംവരണേതര പട്ടിക അംഗീകരിച്ച് ഉത്തരവാകുന്നു.

ക്രമ നമ്പർ	*ജാതി*
1	അമ്പലവാസി
2	ഉണ്ണി
3	വാര്യർ
4	കുരുക്കൾ
5	ഗുരുക്കൾ
6	നമ്പ്യാർ
7	നമ്പീശൻ
8	പിഷാരോടി
9	പുഷ്പ ഉണ്ണി/പുഷ്പക ഉണ്ണി
10	പുഷ്പക
11	നമ്പിടി
12	ചാക്യാർ
13	അടികൾ
14	കല്ലാട്ട് കുറുപ്പ്/കല്ലാറ്റ കുറുപ്പ്
15	പൂജാരി
16	തീയാട്ടുണ്ണി
17	നാട്ടുപട്ടർ
18	അമ്മുക്കുടകൻ
19	ആര്യ സമാജിസ്റ്റി
20	ആണ്ടി
21	ഇരയർ
22	ഈസായി വെള്ളാള
23	ഊരാളി നായർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

24	കൂർഗ്
25	കൊടിഗാർ
26	കൊടിയാവ
27	കോടിഗാര
28	കോടിഗാർ
29	കോമരൻ
30	കോടയ
31	കോനാർ
32	കോലൻ
33	കോടിക്ഷത്രിയ
34	കുമാര ക്ഷത്രിയ
35	ക്ഷത്രിയ
36	തമ്പുരാൻ
37	തിരുമുൽപാട്
38	രാജ
39	രാമക്ഷത്രിയ
40	തമ്പാൻ
41	ക്ഷത്രിയ ഉണ്ണിത്തിതി / ക്ഷത്രിയ ഉണിതിതി
42	ക്ഷത്രിയാർ
43	ക്ഷീരഗാര
44	ഗുപ്തൻ
45	ഗൊല്ല
46	ഗൗഡർ
47	ചാക്കവർ
48	ചാലവർ
49	ചെട്ടിയാർ
50	ചോയി
51	ചോർത്തപണിക്കർ
52	തരഗൻ
53	ദേവദാസി
54	നായർ
55	പിള്ള
56	തമ്പി
57	ചെമ്പകരാമൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

58	ഉണ്ണിത്താൻ
59	വല്യത്താൻ
60	കർത്താ
61	കുറുപ്പ്
62	കൈമൾ
63	ചെമ്പോറ്റി
64	തരകൻ
65	തലയനായർ
66	പണിക്കർ
67	പള്ളിച്ചൻ
68	പുൽവാനായർ
69	പൊതുവാൾ
70	മാരാർ
71	നായർ കുറുപ്പ്
72	മന്നാടിയാർ/മന്ദാടിയാർ
73	മാരയൻ
74	മാടമ്പി
75	മൂത്താൻ
76	മേനോൻ
77	വേട്ടക്കാട്ട് നായർ
78	കിരിയത്ത് നായർ
79	സ്വരൂപത്തിൽ നായർ
80	ഇല്ലത്ത് നായർ
81	ദേവമംഗലത്ത് നായർ
82	ശൂദ്രർ
83	നാവിത്താർ
84	നെടുങ്ങാടി
85	അടിയോടി
86	ഉണ്ണിയാതിരി
87	ഏറാടി
88	കിട്ടാവു(കിടാവ്)
89	പണ്ടാല
90	വെള്ളോടി
91	സാമന്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

92	സാമന്തരാജ
93	സാമന്ത കർത്താവ്
94	തിരുമുൽപ്പാട്
95	നായനാർ (കരക്കാട്ടിടം, പുതിയടം)
96	വാഴുന്നവർ (കീഴൂരിടം)
97	ഗുരുക്കൾ (ചിറ്റോത്തിടം)
98	പൻജി
99	പരദേശി
100	പരിയാരി
101	പാണ്ടിബുഡറാ
102	പത്തുക്കുടി (പത്തുകുടി,തരകൻ, പത്തുകുടി മന്ദാടിയാർ)
103	പുരുഷ
104	ബല്ലാൽ
105	ബവുരി
106	ബ്രാഹ്മണൻ
107	എമ്പ്രാൻ
108	എമ്പ്രാന്തിരി
109	നമ്പി
110	നമ്പൂതിരി/നമ്പൂതിരിപ്പാട്
111	പോറ്റി
112	ഭട്ടതിരി/ഭട്ടതിരിപ്പാട്
113	ഇളയത്
114	മൂത്തത്
115	മൂസത്
116	തുളു ബ്രാഹ്മിൻ
117	ഗൗഡ സാരസ്വത ബ്രാഹ്മണർ
118	വർമ്മ
119	തമിഴ് ബ്രാഹ്മണർ
120	കർണ്ണാടക കോട്ട ബ്രാഹ്മണർ
121	മണിയൻ
122	മലയിപണിക്കർ
123	മല്ലർ
124	മാടപ്പതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

125	മുക്കുലം
126	മുനിയാനി
127	മുത്തുരാജ
128	മുളിയാസ്
129	മേലേക്കാരാർ
130	ലിംഗായത്ത് അമ്പലക്കാരൻ
131	വളയഞ്ഞാഴി
132	വെള്ളാള
133	വൈശ്യൻ
134	ശെങ്കുത്താർ
135	ശൈവ വെള്ളാള (പാലക്കാട് ജില്ല മാത്രം)
136	ശൈവപിള്ള
137	സേർവഗാര
138	കൊങ്ങിണി
139	ഹിന്ദു വൈശ്യ
140	മന്നാടിയാർ
141	ചാക്യാർ
142	ശ്രീ സാഗര ഹിന്ദുമത
143	ബണ്ട്
144	ജയിൻ
145	അധികാരി
146	ഭട്ട്
147	നമ്പ്യാതിരി
148	കാൽദിയൻ സിറിയൻ ക്രിസ്ത്യൻ
149	ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ(സി.എസ്.ഐ.)
150	ഇവാഞ്ചലിക്കൽ ചർച്ച്
151	സ്വതന്ത്ര സിറിയൻ ക്രിസ്ത്യൻ
152	പെന്തകോസ്ത്
153	മലങ്കര യാക്കോബായ സിറിയൻ ക്രിസ്ത്യൻ
154	മാർത്തോമ്മ ക്രിസ്ത്യാനികൾ
155	സിറിയൻ കാത്തലിക് (പരിവർത്തനം ചെയ്യപ്പെട്ടവർ)
156	കമ്മല്ലാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

157	ബ്രദറിൻ സഭ
158	യഹോവ സാക്ഷികൾ
159	ക്നാനായ കത്തോലിക്
160	ക്നാനായ യാക്കോബൈറ്റ്
161	മലങ്കര കത്തോലിക്
162	മലങ്കര ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ
163	സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്)
164	സെവന്ത്ഡേ അഡ്വന്റിസ്റ്റ്

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.06.04 03:36:07 +05:30

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണം - കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) വിഭാഗത്തെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.(കൈ) നം.129/2021/പൊ.ഭ.വ തീയതി,തിരുവനന്തപുരം, 05/07/2021

പരാമർശം:- 1 29/02/2019 ലെ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്.

2 സ.ഉ(കൈ)നം01/2020/പി.വി.വി.വ തീയതി, 25.01.2020

3 സ.ഉ(കൈ)നം.114/2021/പൊഭവ, തീയതി, 03.06.2021

4 08.06.2021 തീയതിയിൽ കേരള വെള്ളാള മഹാസഭ സമർപ്പിച്ച നിവേദനം

ഉത്തരവ്

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാന ഒ.ബി.സി, കേന്ദ്ര ഒ.ബി.സി, സംസ്ഥാന SEBC പട്ടികയിൽ ഒന്നും പെടാത്ത അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കാത്ത 166 സംവരണേതര വിഭാഗങ്ങളുടെ പട്ടിക കമ്മീഷൻ പരാമർശം 1 പ്രകാരം സമർപ്പിച്ചിരുന്നു.

2) സർക്കാർ പ്രസ്തുത പട്ടിക വിശദമായി പരിശോധിക്കുകയും പട്ടികയിൽ ഉൾപ്പെട്ടതും നിലവിൽ ഒ.ബി.സി വിഭാഗ പട്ടികയിൽ ഉൾപ്പെട്ടതുമായ നായിഡു, നാടാർ (എസ്.ഐ.യു.സി യിൽ ഉൾപ്പെടാത്ത ക്രിസ്ത്യതക്കാർ), ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്നീ വിഭാഗങ്ങളെ ഒഴിവാക്കി 164 വിഭാഗങ്ങളെ സംവരണേതര വിഭാഗമായി ഉൾപ്പെടുത്തി പരാമർശം 3 ഉത്തരവ് പ്രകാരം പട്ടിക അംഗീകരിച്ച് ഉത്തരവായിരുന്നു.

3) പ്രസ്തുത ഉത്തരവിലെ രണ്ടാം ഖണ്ഡികയിൽ ശൈവ വെള്ളാള എന്ന വിഭാഗത്തെ (പാലക്കാട് ജില്ല ഒഴികെ ഉള്ളവരെ) പട്ടികയിൽ ഉൾപ്പെടുത്തുകയും, എന്നാൽ പ്രസ്തുത ഉത്തരവിലെ 135 ാാം മത് ക്രമ നമ്പരിൽ ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്നാണ് പറഞ്ഞിരിക്കുന്നതെന്നും, ആയതിൽ പിശകുണ്ടെന്നും ചൂണ്ടിക്കാട്ടി ശൈവ വെള്ളാള മഹാസഭ പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4) പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിക്കുകയും പരാമർശം 2 ഉത്തരവ് പ്രകാരം ശൈവ വെള്ളാള (പാലക്കാട് ജില്ലയിലെ മാത്രം) സമുദായത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 ഉത്തരവിലെ സംവരണേതര പട്ടികയിലെ രണ്ടാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്നതിനു പകരം ശൈവ വെള്ളാള (പാലക്കാട് ജില്ല മാത്രം) എന്നും, അതുപോലെ പട്ടികയിലെ 135ാാം മത് ക്രമ നമ്പരിൽ ശൈവവെള്ളാള (പാലക്കാട് ജില്ല മാത്രം) എന്നുള്ളത് ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്ന് മാറ്റം വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

കൈപ്പുസ്തകം

File No.CDN3/42/2021-GAD

പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർ

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്). കേരള, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്ക്

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും

രജിസ്ട്രാർ, കേരള /കാലിക്കറ്റ് കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596

രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി,പൂക്കോട്, വയനാട്

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ
L2, കുലീന, T C 9/476, ജവഹർനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം-695003
0471-2311215 kswcfc@gmail.com www.kswcfc.org

CHAKRA